# ഇബ്നു ഖയ്യിം അൽജൗസി (رحمه الله)

ഇബ്നു ഖയ്യിം അൽജൗസി എന്ന നാമധേയത്താൽ പ്രശസ്തനായിത്തീർന്ന അബു അബ്ദുല്ലാഹ് ശംസുദ്ദീൻ മുഹമ്മദ് ഇബ്നു അബൂബക്കർ ജനിച്ചത് ഹിജ്റ 691 സഫർ 7-ന് ഡമസ്കസിനടുത്തുള്ള സിറിയയിലെ സാർ എന്ന ഗ്രാമത്തിലാണ്. ഇമാമും, ഖുർആൻ മനഃപാഠമുള്ള വ്യക്തിയും വ്യാഖ്യാതാവും നിയമ വിശാരാദനുമായിരുന്നു അദ്ദേഹം. ചെറുപ്പം മുതൽക്കു തന്നെ തൻെറ സമകാലികരായ പണ്ഡിതരിൽ നിന്നും അദ്ദേഹം ഇസ്ലാമിക വിജ്ഞാനം നേടാൻ തുടങ്ങിയിരുന്നു. ഹാഫിസ് ഇബ്നു റജബ് തൻെറ ദയാൽ ത്വബഖതുൽ ഹനാബില: (4/449)യിലും ഇബ്നു കഥീർ അൽബിദായ വന്നിഹായ(4/235)യിലും അദ്ദേഹത്തിൻെറ വിജ്ഞാന സമ്പാദന ശൈലിയെയും സലഫിൻെറയും ഖലഫിൻെറയും പഠനങ്ങളിലുള്ള അഗാധ ജ്ഞാനത്തെയും സംബന്ധിച്ച് പ്രശംസിച്ചു പറയുകയുണ്ടായിട്ടുണ്ട്.

ശിഹാബ് അന്നബ്ലൂശി, ഖാളി തഖ്യുദ്ദീൻ ഇബ്നു സുലൈമാൻ, ഖാളി ബദറുദ്ദീൻ ഇബ്നു ജമാഃസഫിയുദ്ദീൻ അൽ ഹിന്ദി, ഇസ്മായിൽ ഇബ്നു മുഹമ്മദ് അൽ ഹറാനി തുടങ്ങിയ അദ്ദേഹത്തിൻെറ അധ്യാപകരിൽ പെട്ട പണ്ഡിതരിൽ നിന്ന് ഹദീഥും ഫിഖ്ഹും ഉസൂലും പഠിച്ച അദ്ദേഹം തൻെറ പിതാവിൽ നിന്ന് പിന്തുടർച്ചാവകാശ നിയമങ്ങളും പഠിക്കുകയുണ്ടായി. തൻെറ അദ്ധ്യാപകരിൽ ഏറ്റവും ശ്രദ്ധേയനായ ശൈഖുൽ ഇസ്ലാം ഇബ്നു തീമിയ്യയോടൊപ്പം പതിനാറ് വർഷക്കാലം സഹവസിച്ച് മതം പഠിക്കാൻ അദ്ദേഹത്തിന് അവസരം ലഭിച്ചു. തഫ്സീറിൻെറയും ഹദീഥിൻെറയും ഉസൂലിൻെറയും മറ്റ് വിജ്ഞാനശാഖകളിലും അഗാധ കഴിവ് നേടിയ വ്യക്തിത്വമാണ് അദ്ദേഹമെന്ന് ഇബ്നു കഥീർ പറയുകയുണ്ടായി.

അദ്ദേഹത്തിൻെറ സ്വഭാവമഹിമയും ആരാധനാരിതികളും ഒട്ടേറെ ഗുരു-ശിഷ്യരാൽ സാക്ഷീകരിക്കപ്പെട്ടതാണ്. ദീർഘമായി രാത്രിനമസ്കാരം നിർവ്വഹിക്കുന്ന, മനോഹരമായി ഖുർആൻ പാരായണം ചെയ്യുന്ന, അല്ലാഹുവോട് ഏറെ പ്രിയം പുലർത്തുന്ന വ്യക്തിത്വവുമായിരുന്നുവെന്നും ദിക്റുകളും പശ്ചാതാപം നിറഞ്ഞ ഹൃദയവുമായി സദാ ദൈവസമർപ്പിതമായ അവസ്ഥയായിരുന്നു അദ്ദേഹത്തിനുണ്ടായിരുന്നതെന്നും ഇബ്നു റജബും (4/450), ഇബ്നു കഥീറും (14/234) രേഖപ്പെടുത്തിയിട്ടുണ്ട്. ആരോടും കുശുമ്പും വിദ്വേഷവും വെച്ചു പുലർത്താത്ത ആരെയും നോവിക്കുകയോ അപഹസിക്കുകയോ ചെയ്യാത്ത വ്യക്തിയായിരുന്നു അദ്ദേഹമെന്നും അദ്ദേഹത്തിൻെറ സന്തതസഹചാരികളിലെ ഏറ്റവും പ്രിയങ്കരിൽ ഒരാൾ താനായിരുന്നുവെന്നും ഇബ്നു കഥീർ പറയുകയുണ്ടായി.

ഇബ്നു കഥീർ (മരണം ഹിജ്റ 774), അദ്ദഹബി (മരണം ഹിജ്റ 748), ഇബ്നു റജബ് (മരണം ഹിജ്റ 751), ഇബ്നുൽ ഹാദി (മരണം ഹിജ്റ 744) തുടങ്ങിയവരും അദ്ദേഹത്തിൻെറ പുത്രൻമാരിൽ രണ്ടുപേരും - ഇബ്രാഹിം, ശറഫുദ്ദീൻ അബ്ദുല്ലാഹ് - അറിയപ്പെട്ട ശിഷ്യൻമാരിൽ ഉൾപ്പെടുന്നവരാണ്.

അറുപതിലേറെ വിലപ്പെട്ട ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചു. ഹൃദയത്തേയും ആത്മാവിനെയും ആഴത്തിൽ സ്പർശിക്കുന്ന രചനാശൈലി, വിഷയങ്ങളിലെ കൃത്യത, ആശയസമ്പുഷ്ടത, ആഴമേറിയ ഗവേഷണപരത തുടങ്ങിയവ അദ്ദേഹത്തിൻെറ രചനകളുടെ സവിശേഷതകളാണ്.

**ഫിഖ്ഹിലും, ഉസൂലിലും, ഹദീഥിലും, വിശ്വാസ വിഷയങ്ങളിലും സന്മാർഗ സംസ്കരണ പാഠങ്ങളിലും, ഖുർആനിക ശാസ്ത്ര വിഷയങ്ങളിലും, ഭാഷാപരവും മറ്റുമായ വ്യത്യസ്ത മേഖലകളിലുമുള്ള രചനകൾക്ക് പുറമെ അദ്ദേഹത്തിൻെറ വിവിധങ്ങളായ ഗ്രന്ഥങ്ങളിലെ വ്യഖ്യാനങ്ങൾ ഉൾപ്പെടുത്തി തഫ്സീർ അൽഖയ്യിം, തഫ്സീർ അൽമനാർ എന്നിവയും അദ്ദേഹത്തിൻെറ സംഭാവനയായി ഇസ്ലാമിക വിജ്ഞാനരംഗത്തെ മുതൽകൂട്ടായി പരിലസിക്കുന്നു.**

**ഹിജ്റ 751, റജബ് പതിമൂന്നാം രാത്രിയിൽ, തൻെറ അറുപതാം വയസ്സിൽ അദ്ദേഹം മരണമടഞ്ഞു. അല്ലാഹു അവൻെറ അപാരമായ കരുണാകടാക്ഷങ്ങൾ നൽകി അദ്ദേഹത്തെ അനുഗ്രഹിക്കുമാറാകട്ടെ.**

(ദഅ്വാ ബുക്സ് പുറത്തിറക്കിയ സ്വിഫാതുൽ മുനാഫിക്വീൻ എന്ന ഗ്രന്ഥത്തിൽ നിന്ന്)